മീൻകുന്ന് ബീച്ച് ടൂറിസം വികസനം

19 [997] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട മീൻകുന്ന് ബീച്ചിന്റെ ടൂറിസം വികസനത്തിനുള്ള സാദ്ധ്യതകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശത്തെ ടൂറിസം വികസനത്തിന് ഏതെങ്കിലും തരത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ സമയബന്ധിതമായി അത് നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(സി ആന്റ് ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

തിരുവില്വാമല വിനോദസഞ്ചാര പദ്ധതി

20 [998] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ തിരുവില്വാമല കേന്ദ്രീകരിച്ച് ഒരു വിനോദസഞ്ചാര പദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഈ മേഖലയുടെ വിവിധ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി—ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഇ) തൃശ്ശൂർ ജില്ലയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. മാസ്റ്റർ പ്ലാനിൽ പറയുന്ന പദ്ധതികൾക്കാണ് മുൻതൂക്കം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly